Talented Bankers Literary Panel
പുസ്തക പരിചയം 239

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
മട്ടാഞ്ചേരി ശാഖ.

ഉറുമ്പുകളെയും കൊണ്ട് പള്ളിയിലേക്ക് പോയ പെൺകുട്ടി
ബാബു സക്കറിയ.

*മഴ നനഞ്ഞുകൊണ്ട് മലകയറുന്ന കവിതകൾ*

2020 ഡിസംബറിലാണ് *ബാബു സക്കറിയ* മാഷിൻറെ *'ഉറുമ്പുകളേയും കൊണ്ട് പള്ളിയിലേക്കു പോയ പെൺകുട്ടി'* പുറത്തിറങ്ങുന്നത്.

അടുത്ത ഡിസംബറിൽ പുറത്തിറങ്ങിയ എൻറെ ആദ്യ പുസ്തകത്തിൻറെ മൂത്ത സഹോദരിയും കൂടിയാണ് ഈ കുട്ടി!

പൂക്കൾ മാത്രമല്ല വ്യത്യസ്തമാർന്ന കൂടുകളും മുട്ടകളും ഉള്ള കവിതാച്ചില്ല!

'മുമ്പില്ലാത്തത്' എന്ന ആദ്യകവിതയിലെ
'നിശബ്ദത നിറഞ്ഞ ആ തെരുവിൽ വൈകുന്നേരങ്ങളിൽ എൻറെ
കവിതകൾ നടക്കാനിറങ്ങും' എന്ന വരിയിലൂടെ
കടന്നു പോയപ്പോൾ,
ഞാനെഴുതിയ
'എൻറെ കവിതകളെ ഞാൻ ചിലപ്പോൾ കാറ്റുകൊള്ളാൻ വിടാറുണ്ട്' എന്ന
വരികളിലേക്കു തിരിച്ചുപോയി.

നമ്മൾ ആരും കാണാത്ത ഒരു കാഴ്ച അടുത്ത പേജിൽ ഉണ്ട് .മഴയുടെ ഹൃദയം!

തൊട്ടടുത്തതാ ഒഴുകിപ്പരക്കുന്നൂ
'ചോര' എന്ന കവിത.
'പാതിയും ദ്രവിച്ചൊരു ശവപ്പെട്ടിക്കുള്ളിൽ തണുത്തുറഞ്ഞ പേടി
പോലെ..'
എന്ന് ഉദാത്തമായ് തുടങ്ങിയ കവിതയെ പക്ഷേ കൃത്രിമമായി
അവസാനിപ്പിച്ചിരിക്കുന്നു.

അടുത്ത പേജുകൾ മുഴുവൻ അതിനുള്ള പ്രായശ്ചിത്തങ്ങളുടെ കുരുത്തോലകൾ ആണ്.

'ഡിസംബർ മഞ്ഞിന്റ നനവും

അഞ്ചു പൂമണവുമായൊരു പുതിയ കാറ്റ് അവളുടെ ഉള്ളിൽ നിന്നിറങ്ങി
ആനവാതിൽ കടന്ന് പുറത്തേക്കു വീശി' എന്നെ എഴുതിയ കവിയോട്
'കവേ ,
നിൻറെ കൈത്തലം തണുത്തിരിക്കുന്നു മരണം മുത്തിയ പാട്
തിണർത്തു കിടക്കുന്നു'
എന്ന്പറയാൻ തോന്നുന്നു.

കഴുത്തോളം മുങ്ങിയിരിക്കുന്ന നമ്മൾ പൂർണ്ണമായും മുങ്ങിപ്പോകും
'ടൂറിസ്റ്റ്' എന്ന കവിതയിലെ
'ഈ മുനമ്പത്ത് ഈ കടലോരത്ത്
ഈ റെയിലിലും പിന്നെയും പിന്നെയും ഞാൻ വരുന്നു ;
ഇങ്ങനെ പേടിക്കാൻ മാത്രമായി'
എന്നു വായിക്കുമ്പോൾ.
'പീലിത്തിരുമുടി കെട്ടഴിഞ്ഞങ്ങനെ, സൂത്രവും ചോടും
പിഴയാതെയങ്ങനെ'
എന്ന സന്ധ്യാനാമം
എന്തുകൊണ്ടോ എനിക്ക്ഓർമ്മ വന്നു.

ഇരുപത്താറാം പേജിലെ 'മിന്നാമിനുങ്ങേ' വായിച്ചപ്പോൾ
നിഷ്കളങ്കതയുടെയുടെ
മിന്നിക്കത്തൽ..
കരളും മിഴിയും കവരുന്നൂ
കടലാസിലെ മിന്നൽ!

ആകാശം ഒരു ഗർഭപാത്രമാണെങ്കിൽ അതിനോടുള്ള പ്രാർത്ഥനയാണ്
'നിറഞ്ഞ് നിറഞ്ഞ് നിറഞ്ഞ്..'

'ഇത്രമാത്രം ആകാശം
എനിക്ക് താങ്ങാനാവില്ല .
ഇത്രമാത്രം വെളിച്ചം എനിക്ക് താങ്ങാനാവില്ല .
എനിക്ക് നിന്നിൽ ഇല്ലാതായാൽ മതി'
എന്ന് കവി ബുദ്ധനാവുന്നു.

ഗുരു വന്ദനത്തിൻറെ സങ്കീർണതയാണ് 'രാമബാണ'മെങ്കിൽ
നിഷ്കളങ്കതയുടെ തിരിച്ചുവരവാണ് 'വളവിന് അരികിലെ കട'.

തുള്ളികൾ

തുള്ളികൾ പോലെ ചെറുവരികളിലാണ് മാഷ് കവിതയെ പണിയുന്നത്.
പക്ഷേ ചില തുള്ളികൾ ചിപ്പികളോളം മൂല്യമുള്ളതാകുന്നത് സ്രഷ്ടാവ്
പോലും അറിയുന്നില്ല!

"ഒരു ചില്ലയിലും അടങ്ങിയിരിക്കാത്ത കാറ്റ് ഇത്തിരി തേൻ കുടിച്ചിരിക്കുമ്പോഴും ചിറകിളക്കിക്കൊണ്ടെയിരിക്കും ശലഭം. ഒന്നും സഞ്ചാരമല്ല ;
സഞ്ചരിക്കുന്ന വലിയ ഭൂമിയിലെ
ചെറിയ ചെറിയ നട്ടതിരിയലുകൾ മാത്രം'
(ചെറുത്)

'ലോകത്തിന് ഒന്നും സംഭവിക്കുന്നില്ല. എനിക്കെപ്പോഴും ചൊറിച്ചിലാണ്.'
(ചൊറിയൻപുഴു.)

മൃഗരതിയുടെ വന്യതയൊക്കെ കാണാം 'വേട്ട' എന്ന കവിതയിൽ.
മൂർത്ത- അമൂർത്തതകൾ രസിച്ച്കെട്ടിമറിയുന്നുണ്ട്!

പേരുമാറ്റം
കാക്കയുടെ ആത്മാംശമുള്ള ഒരാളുടെ ചിറകടി ആണ് കാക്ക എന്ന കവിത. അതിന് 'കാക്കത്തം' എന്ന് പേരിടാത്തതെന്തേ?

അതുപോലെ 'എല്ലാം അങ്ങനെ തന്നെ' എന്ന് എന്ന കവിതയ്ക്ക് 'നൂറ്റിയൊന്ന്' എന്ന പേര് കൂടുതൽ അനുയോജ്യമായിരുന്നേനെ എന്നു തോന്നി.

ജംഗ്ഷൻ

'ഭ്രാന്ത് മിക്സഡ് മീഡിയം സൂര്യപ്രകാശം.' എന്ന കവിത ഒരു ജംഗ്ഷൻ തന്നെ . ഇതിലൂടെ സാവധാനം മാത്രമേ പോകാൻ പറ്റുകയുള്ളൂ.
മലചുറ്റിപ്പോകുന്ന തീവണ്ടി പോലെ വിഭ്രമിപ്പിക്കുന്ന
കാഴ്ചക്കവിതയാണിത്.

ഇരട്ട നഗരക്കവിതകൾ

'ആയിരം കണ്ണുകൾ ഉള്ള നഗരത്തിൽ' പറഞ്ഞു വയ്ക്കുന്ന
' ഇരുണ്ട പദ്ധതികളുടെ നിഗൂഢത വ്യവസ്ഥയും'
'ചൂണ്ടക്കൊളുത്തിൽ ഒരു പട്ടണത്തിൽ' പ്രതിപാദിക്കുന്ന
'തിരക്കിൽ നിന്നുള്ള എടുത്തുമാറ്റലും'
ഒരേ കൊളുത്തുകളെ ആണ് പ്രതിപാദിക്കുന്നത്.

അങ്ങനെ കുറേ അലഞ്ഞുതിരിഞ്ഞ്
൭ആം പേജിലാണ് കവി കാടിനെ തൊടുന്നത്;
'അറിയാതുണർന്നൊരു ചിന്നം വിളിയെ
ഒച്ചയില്ലായ്മയിൽ പൂട്ടിയിട്ട്
എൻറെ മഹാപ്രപഞ്ചമേ എന്നു
തന്മയീഭവിച്ച് ഏറെ നേരം അവിടെ ഇരുന്ന് ആനകൾക്കിടയിലെ

ആദ്യത്തെ കവിയായി' എന്ന് എഴുതുന്നത്.

മരക്കവിതകൾ പക്ഷേ അവസാനിക്കുന്നില്ല;
ഒരു തടാകത്തെ കണ്ണുകളാൽ ചുമന്നു കൊണ്ടു വരാൻ പറ്റുമോ വായനക്കാർക്ക്?
'നെട്ടായം' എന്ന കവിത അത് ചെയ്യുന്നുണ്ട്!

മൂർച്ച കൂട്ടലുകൾ/ചോദ്യം ചെയ്യലുകൾ

ഉള്ളിൽ നിന്നും മുഴങ്ങുന്ന ഇൻഹിബിഷനുകൾ അടക്കം ചെയ്ത ചോദ്യങ്ങളാണ് 'നിഴൽപ്പാകം.'

അതേസമയം നിശബ്ദ ചോദ്യങ്ങളുടെ പേടിപ്പെടുത്തുന്ന അടിക്കാടുകളിലേക്ക് നമ്മെ വലിച്ചിഴച്ചു കൊണ്ടുപോകുന്നുണ്ട് 'സ്മാരകങ്ങൾ'.

'ഇത്ര സ്നേഹത്തോടെ
ചുമലിൽ കൈ അമർത്തരുതേ
ഇപ്പോൾ തുടങ്ങിയേക്കും നക്ഷത്രങ്ങളുടെ കൊഴിഞ്ഞു വീഴൽ' എന്നു കണ്ണീർ വാർക്കുന്നുണ്ട് ആതിഥേയൻ.

ഉറുമ്പിൽ നിന്ന് ഉറുമ്പിലേക്ക്

'നിശബ്ദത...' എന്ന അവസാന കവിതയിലും അരിച്ചരിച്ചെത്തുന്നുണ്ട് ഉറുമ്പുകൾ.
രാത്രി മുഴുവൻ കവിയുടെ വീട് സഞ്ചരിച്ചുകൊണ്ടിരിക്കുന്നു.
ശയ്യയിൽ ദിനേന രൂപം മാറുന്ന കാമുകിയെ പോലെയാണ് വീട് .
പകരുവാൻ വയ്യ
എന്നു പറയിപ്പിക്കുന്നു അത്.

മഴനനഞ്ഞ വീടിനെ നിലാവ്
നക്കിത്തോർത്തുന്നു.
സ്നിഗ്ദതയുടെ ആ നിമിഷത്തിൽ
കവി പിൻവാങ്ങുന്നു .സുഗന്ധം പരക്കുന്നു!

അതെ!
ആദ്യം പറഞ്ഞതുപോലെ
എവിടെ ഊഞ്ഞാലു കെട്ടണം എന്ന് സന്ദേഹം ഉളവാക്കും വിധം
പുഷ്ടിയുള്ള ചില്ലകൾ തന്നെ എല്ലാം !

(പ്രസാധകർ :ലോഗോസ് ബുകസ്)